പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6397

03.04.2018-ൽ മറുപടിയ്ക്ക്

വയനാട്ടിൽ കാട്ടുതീ പ്രതിരോധിക്കുന്നതിന് മാർഗ്ഗങ്ങൾ

ചോദ്യം

ശ്രീ. ഒ. ആർ. കേളു

വയനാട്ടിൽ കാട്ടുതീ പ്രതിരോധിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

അഡ്വ.കെ.രാജു

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

വയനാട്ടിൽ കാട്ടുതീ പ്രതിരോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ താഴെപറയുന്നവയാണ്.

കാട്ടുതീ തടയുന്നതിന് ഫയർലൈൻ നിർമ്മിക്കുക, ഫയർവാച്ചർമാരെ നിയോഗിക്കുക, കൺട്രോൾ ബേണിംഗ് നടത്തുക, ജീവനക്കാർക്കും, പൊതുജനങ്ങൾക്കും വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക, ലഘുലേഖകൾ വിതരണം ചെയ്യുക, പൊതുജന പങ്കാളിത്തത്തോടെ കാട്ടുതീ നിയന്ത്രിക്കുന്നതിനായി വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളെ വിന്യസിക്കുക തുടങ്ങിയ മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നത്. തീ നിയന്ത്രണ വിധേയമാക്കുന്നതിന് ബ്ലോവർ, ഫയർ ബീറ്റർ, അയൺ ഗ്രിൽ തുടങ്ങിയവയും ആധുനിക ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുമുണ്ട്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ ഫയർ അലർട്ട് സിസ്റ്റം നടപ്പിലാക്കി കാട്ടുതീ അപ്പപ്പോൾ കണ്ടെത്തി നിയന്ത്രണ വിധേയമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ജീവനക്കാർക്കും ഫയർ ഗ്യാംഗുകൾക്കും അഗ്നിശമന

സേനയുടെ പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. കാട്ടുതീ ഉണ്ടാവാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ജാഗ്രത പാലിക്കുന്നതിന് ഫയർ വാണിംഗ് സിസ്റ്റവും പ്രയോജനപ്പെടുത്തുന്നുണ്ട്.

ഇതു സംബന്ധമായി വയനാട് സൗത്ത് ഡിവിഷനിൽ 330.95 കി.മീ ഫയർ ലൈൻ നിർമ്മിച്ചും, 151 ഫയർ വാച്ചർമാരെ നിയോഗിച്ചും, 16 ഹെക്ടർ ഭൂമിയിൽ കൺട്രോൾ ബേണിംഗ് നടത്തിയും; വയനാട് നോർത്ത് ഡിവിഷനിൽ 221 കി.മീ ഫയർലൈൻ നിർമ്മിച്ചും 27 ഫയർ ഗ്യാങ്ങുകൾ രൂപീകരിച്ചും അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വയനാട് വന്യജീവി സങ്കേതത്തിലും ഫയർലൈനുകൾ നിർമ്മിക്കുകയും കൺട്രോൾ ബേണിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചു വരുന്നു.

V Beena

സെക്ഷൻ ഓഫീസർ